"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എൻ. രാജൻ- സസ്പെൻഷൻ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച ഉത്തരവിൽ സസ്പെൻഷൻ കാലയളവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1839/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2021

---

പരാമർശം:-

1. 05.05.2010 തീയതിയിലെ സ.ഉ(സാധാ) നം.1518/2010/തസ്വഭവ നമ്പർ ഉത്തരവ്
2. 30.04.2021 തീയതിയിലെ സ.ഉ(സാധാ) നം.935/2020/തസ്വഭവ നമ്പർ ഉത്തരവ്.
3. നഗരകാര്യഡയറക്ടറുടെ 16.07.2021 തീയതിയിലെ വി3-33066/17- നമ്പർ കത്ത്.

**ഉത്തരവ്**

പെരുമ്പാവൂർ നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസറായ ശ്രീ.എൻ.രാജൻ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന പരാതിയുമായി ബന്ധപ്പെട്ട് ശ്രീ.എൻ.രാജനെ പരാമർശം 1 ഉത്തരവ് പ്രകാരം 05.05.2010 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ടി ഉത്തരവ് പെരുമ്പാവൂർ നഗരസഭയിൽ ലഭിച്ച 10/05/2010 പൂർവ്വാഹ്നം ടിയാൻ സേവനത്തിൽ നിന്നും വിടുതൽ ചെയ്തു. തുടർന്ന് 27.08.2010 തീയതിയിലെ ഉത്തരവ് പ്രകാരം സസ്പെൻഷൻ പിൻവലിച്ച് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നു.

സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.എൻ. രാജന്റെ അപേക്ഷ പരിഗണിച്ച് 05.05.2010 മുതൽ 03.09.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം സസ്പെൻഷൻ ഉത്തരവ് 05/05/2010 മുതലാണെങ്കിലും സർക്കാർ ഉത്തരവ് പെരുമ്പാവൂർ നഗരസഭയിൽ ലഭിച്ച 10/05/2010 പൂർവ്വാഹ്നം മുതലാണ് ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് സേവനത്തിൽ നിന്നും മാറ്റി നിർത്തിയത് എന്നും ആയതിനാൽ സർക്കാർ ഉത്തരവിലെ 05/05/2010 മുതൽ 03/09/2010 വരെയുള്ള സസ്പെൻഷൻ കാലയളവ് എന്നത് 10/05/2010 മുതൽ 03/09/2010 എന്ന് തിരുത്തി

ഉത്തരവാകുന്നതിന് തൃശ്ശൂർ നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നതായും, അതിൻപ്രകാരം 30.04.2021 തീയതിയിലെ സർക്കാർ ഉത്തരവിൽ സസ്പെൻഷൻ കാലയളവ് 10/05/2010 മുതൽ 03/09/2010 വരെ എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നതിന് ശുപാർശ ചെയ്ത് നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷയും ശ്രീ.എൻ.രാജൻ സമർപ്പിച്ച പുതുക്കിയ ലീവ് അപേക്ഷയും നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം പെരുമ്പാവൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ ശ്രീ. എൻ.രാജനെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള 05.05.2010 തീയതിയിലെ ഉത്തരവ് 10/05/2010 ൽ പെരുമ്പാവൂർ നഗരസഭയിൽ ലഭിച്ചതിനു ശേഷമാണ് നഗരസഭാ സെക്രട്ടറിയുടെ 10/05/2010 ലെ ജി1-9830/2009 നം.ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും മാറ്റി നിർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നതിനാൽ ടി അഞ്ച് ദിവസം ടിയാൻ സേവനത്തിൽ തുടർന്നുവന്നിരുന്നുവെന്ന വസ്തുത പരിഗണിക്കാവുന്നതാണ് എന്ന് കാണുന്നു.

4. മേൽ സാഹചര്യത്തിൽ പെരുമ്പാവൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായിരുന്ന ശ്രീ. എൻ. രാജന്റെ സസ്പെൻഷൻ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ടുള്ള പരാമർശം 2 സർക്കാർ ഉത്തരവിൽ ശ്രീ.എൻ. രാജന്റെ സസ്പെൻഷൻ കാലയളവ് 05.05.2010 മുതൽ 03.09.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് എന്നത് 10/05/2010 മുതൽ 03/09/2010 വരെയുള്ള സസ്പെൻഷൻ കാലയളവ് എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. എൻ. രാജൻ, ഹെൽത്ത് സൂപ്പർവൈസർ, പെരുമ്പാവൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ